(ബി) 27-11-2012-ലെ ജി.ഒ.(എം.എസ്.) നമ്പർ 396/2012/ആ.കു.വ.,6-4-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 130/2013/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് 3 മാനസികാരോഗ്യ കേന്ദ്രങ്ങളിലായി താഴെപ്പറയുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്:

1.	സീനിയർ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്	-	3
2.	കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്	-	5
3.	ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ്	-	6
4.	അസിസ്റ്റന്റ് സർജൻ	-	11
5.	റസിഡന്റ് മെഡിക്കൽ ഓഫീസർ	-	2
6.	സ്റ്റാഫ് നഴ്സ്	-	110
7.	നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ്-I	-	6
8.	നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ്-II	-	11
9.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II	-	35

കൂടാതെ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന 125 ജീവനക്കാരെ ടി ആശുപത്രിയിൽ അനുവദിക്കപ്പെട്ടിരുന്ന ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ സ്ഥിരപ്പെടുത്തി സ.ഉ.(എം.എസ്.) നമ്പർ 325/14/ആ.കു.വ. തീയതി 1-11-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണം

86 (4370) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ DHS-ൽ നിലവിലുള്ള PLA 3/35490/2012 എന്ന ഫയലിന്റെ തുടർ നടപടി എന്ന രീതിയിൽ കോട്ടയം DMO ഓഫീസിൽനിന്നും വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രൊപ്പോസൽ DHS-ലേയ്ക്ക് അയയ്ക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ;

(സി) ഈ ഫയൽ എത്ര മാസം കൊണ്ട് കോട്ടയം DMO ഓഫീസിൽ ഇരിക്കുന്നു; ഇത്രയും കാലം ഈ ഫയൽ അകാരണമായി കൈവശം വച്ചതിന് പ്രസ്തുത ഉദ്യോഗസ്ഥനോട് വിശദീകരണം ചോദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പി.എൽ.എ. 3-35490/12 എന്ന ഫയൽ 4-5-2012-ൽ ബഹു. എം.എൽ.എ. ശ്രീ. മോൻസ് ജോസഫ് സർക്കാരിന് നൽകിയ നിവേദനത്തെ സംബന്ധിച്ചിട്ടുള്ളതാണ്. പ്രസ്തുത നിവേദനത്തിൽ കറുവിലങ്ങാട് താലൂക്കാശുപത്രിക്ക് കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത പ്രൊപ്പോസലിൽ നടപടി എടുക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട് എന്നതിന് തെളിവായി, 29-10-2011-ലെ സർക്കാർ കത്ത് നമ്പർ 43986/ഇ 2/2011/ആകവ. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരുന്നു. 29-10-2011-ൽ സർക്കാർ ആവശ്യപ്പെട്ട പ്രൊപ്പോസൽ പി.എൽ.എ. 3-35490/12 എന്ന ഫയലിൽ ലഭ്യമല്ല. എന്നാൽ 29-1-2013-ലെ സി1-12230/2012 എന്ന നമ്പരിലുള്ള ജില്ലാ മെഡിക്കൽ ആഫീസറുടെ കത്തും 50 ലക്ഷം രൂപയുടെ ഒരു കെട്ടിട നിർമ്മാണ പ്രൊപ്പോസലുമാണ് പി.എൽ.എ. 3-35490/12 എന്ന ഫയലിൽ ഉണ്ടായിരുന്നത്. പ്രസ്തുത നിർമ്മാണ പ്രവൃത്തി നബാർഡ് ഫണ്ടുപയോഗിച്ച് നടത്തപ്പെടേണ്ടതായതിനാൽ, ടി ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷനിലേയ്ക്ക് കൈമാറുകയും, പി.എൽ.ബി. 1-35490/12 എന്ന നമ്പരിൽ തുടർനടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി.) 1767/2011/ആകവ. തീയതി 6-5-2011 പ്രകാരം ഭരണാനുമതി നൽകിയ 41.43 ലക്ഷം രൂപയുള്ള നബാർഡ് ഫണ്ടുപയോഗിച്ചുള്ള കെട്ടിടനിർമ്മാണം ഈ അവസരത്തിൽ ആരംഭിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതി, പ്ലംബിംഗ് എന്നീ ജോലികൾ പൂർത്തികരിച്ചിട്ടുണ്ടെന്നും, എന്നാൽ ജോലികൾ പൂർത്തീകരിച്ചതായി പി.ഡബ്ല്യു.ഡി-യിൽനിന്നും അറിയിപ്പ് ലഭിക്കുകയോ കെട്ടിടം കൈമാറുകയോ ചെയ്തിട്ടില്ലായെന്ന് 12-12-2014-ലെ സി1-12230/2014 കത്ത് പ്രകാരം കോട്ടയം ജില്ലാ മെഡിക്കൽ ആഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. 29-1-2013-ലെ സി1-12230/2012/ജി.മെ.ആ. നമ്പർ കത്തിൽ, 2011-ലെ സർക്കാർ കത്തിന്റെയോ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ മേലെഴുത്ത് നമ്പർ പി.എൽ.എ. 3-35490/2012 തീയതി 5-9-2012-ന്റെയോ പരാമർശം ഇല്ല. മാത്രമല്ല, കറുവിലങ്ങാട് താലൂക്കാശുപത്രിയിൽ നബാർഡ് ഫണ്ടുപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 6-5-2011-ൽത്തന്നെ നൽകിയിട്ടുമുണ്ടായിരുന്നു. കോട്ടയം ജില്ലാ മെഡിക്കൽ ആഫീസിൽനിന്നും മേൽവിവരിച്ച പ്രകാരം നബാർഡ് പദ്ധതിയിലുൾപ്പെടുത്തുന്നതിനായി 50 ലക്ഷം

രൂപയുടെ എസ്റ്റിമേറ്റ് 28-9-2012-ലെ സി1-12230/2012 എന്ന കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡറക്ടറേറ്റിൽ ലഭിച്ചിരുന്നു. എന്നാൽ നബാർഡ് ഫണ്ടുപയോഗിച്ചുള്ള കെട്ടിടനിർമ്മാണത്തിന് ഇതിനോടകം ഭരണാനുമതി ലഭിച്ചതിനാൽ ഈ പ്രൊപ്പോസലിൽ തുടർനടപടികൾ സ്വീകരിച്ചില്ല.

(ബി) നബാർഡ് ഫണ്ടുപയോഗിച്ചുള്ള കെട്ടിടനിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച പ്രൊപ്പോസലിൽ കാലതാമസം ഉണ്ടായിട്ടില്ല. നബാർഡ് ഫണ്ടുപയോഗിച്ചുള്ള നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചതിനാൽ, ഇക്കാര്യത്തിലുള്ള മറ്റൊരു പ്രൊപ്പോസൽ സംബന്ധിച്ച നടപടികൾ സ്വീകരിച്ചില്ല.

(സി) കുറുവിലങ്ങാട് താലൂക്കാശുപത്രി കെട്ടിടനിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുള്ളതിനാൽ ഈ വിഷയത്തിൽ കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് തസ്തിക

87 (4371) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് തസ്തികയിൽ (എൻ.സി.എ. മുസ്ലിം-ധീവര) നിയമനം നടത്തുന്നതിനായി കാറ്റഗറി നമ്പർ 391/09 പ്രകാരം പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചു എന്ന് പറയാമോ; ഓരോ വിഭാഗത്തിന്റെയും റാങ്ക് നമ്പർ പറയുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ക്രമംതെറ്റിയ നിയമനം നടന്നതിന് കാരണം വ്യക്തമാക്കുമോ; ഇതിനെതിരെ ന്യൂനപക്ഷ കമ്മീഷൻ (എം.ഒ.പി. നം. 126/2014) പ്രകാരം പുറപ്പെടുവിച്ച ഉത്തരവനുസരിച്ചുള്ള ഉദ്യോഗാർത്ഥികളെ 30-7-2014-ന് മുമ്പ് നിയമിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ക്രമനമ്പർ 21 മുതൽ 86 വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകണമെന്ന ഉത്തരവ് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്രമനമ്പർ 62 വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകി. ഒറ്റ റാങ്ക് ലിസ്റ്റായതിനാൽ ഓരോ വിഭാഗത്തിന്റെയും റാങ്ക് നമ്പർ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly